LIBRARY ARCHIVES Kerala Legislative Assembly

പ്രസ്സിലെ സ്പെഷ്യൽ റൂൾ പരിഷ്കരണ നടപടി

147 [1274] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രസ്സിലെ സ്പെഷ്യൽ റൂൾ പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ എന്നു വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; എന്നു മുതൽ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) പുതുതായി തയ്യാർ ചെയ്യുന്ന സ്പെഷ്യൽ റൂൾസിൽ ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ്-2 തസ്തികയുടെ പ്രവേശന യോഗ്യതയായി ലെറ്റർ പ്രസ്സ് സർട്ടിഫിക്കറ്റ് വേണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) നിലിവിലുള്ള സർവ്വീസ് റൂൾസിലെ യോഗ്യതകളിൽ നിന്നും കുറഞ്ഞ യോഗ്യത സർവ്വീസ് റൂൾസ് (കരടിൽ) ഉൾപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരത്തിൽ കാലഹരണപ്പെട്ട സാങ്കേതിക യോഗ്യത നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഇത് തിരുത്താൻ നടപടി സ്വീകരിക്കുമോ ;

(എഫ്) പ്രിന്റിംഗ് ടെക്നോളജി ഡിപ്ലോമയ്ക്ക് പ്രാധാന്യം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ & ബി) അച്ചടി വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസുകൾ സംബന്ധിച്ച പരിഷ്കരണ നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. താമസംവിനാ ഇത് നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

(സി) സ്പെഷ്യൽ റൂൾസ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷമേ ഇക്കാര്യത്തിൽ വ്യക്തമായി മറുപടി നൽകുവാൻ സാധിക്കുകയുള്ളു.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) ഉണ്ട്. സാങ്കേതിക വിഭാഗത്തിലുള്ള ഗസറ്റഡ് തസ്തികയിലേക്ക് ഡിപ്ലോമക്കാർക്കാണ് മുൻഗണന. അവരുടെ അഭാവത്തിൽ മാത്രമാണ് സർട്ടിഫിക്കറ്റുകാരെ പരിഗണിക്കുന്നത്.